കണ്ടു 'പഠിക്കാം'

നമ്മുടെ ഗവ. കോളജുകളിൽ ഒരു നിശ്ശബ്ദ വിപ്ലവം നടക്കുന്നുണ്ട്. പരമ്പരാഗത ബിരുദ കോഴ്സുകൾക്കു ചേരുന്ന കുട്ടികളെ പാഠപുസ്തകങ്ങൾക്കും ക്ലാസ്മുറികൾക്കും അപ്പുറത്തേക്കു കൈപിടിച്ചു നടത്താൻ കോളജ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പഠിതാവിനൊപ്പം നടന്ന്(വോക്ക് വിത്ത് എ സ്കോളർ) പദ്ധതി ഗവ. കോളജുകളുടെ പ്രതിഛായ തന്നെ മാറ്റുകയാണ്.

ഇനി അവർ നടന്നു പഠിക്കട്ടെ

സ്വന്തം ലേഖകൻ

ചെന്നൈയിലെ മദ്രാസ് ഐഐടിയിൽ മൂന്നു ദിവസത്തെ സന്ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ തലശേരി ഗവ. ബ്രണ്ണൻ കോളജിലെ രണ്ടാം വർഷ ബിഎ മലയാളം വിദ്യാർഥിനി ജബീൻ എഴുതി: ഇനി ഞങ്ങളുടെ ജീവിതം പഴയതു പോലെയാവില്ല. ഞങ്ങളുടെ സ്വപ്നങ്ങൾക്കു നിറങ്ങളേറും. പഠനത്തെ കൂടുതൽ ഗൗരവത്തോടെ കാണാൻ ഞങ്ങൾക്ക് ഊർജം ലഭിച്ചിരിക്കുന്നു.

മറ്റൊരു കൂട്ടുകാരി ഇങ്ങനെ സങ്കടപ്പെട്ടു: എന്റെ ലക്ഷ്യത്തിലെത്താൻ ഇത്രയും നാൾ ഞാൻ എന്താണു ചെയ്തത്...?

കേരളത്തിലെ സർക്കാർ കലാലയങ്ങളിൽ കോളജ് വിദ്യാഭ്യാസ വകുപ്പു നടപ്പാക്കുന്ന വോക്ക് വിത്ത് എ സ്കോളർ പദ്ധതി നമ്മുടെ കുട്ടികൾക്കു നൽകുന്ന പുതിയ ദിശാബോധത്തിന്റെ സാക്ഷ്യപത്രമാണ് ഇവരുടെ വാക്കുകൾ. പ്രഫഷനൽ വിദ്യാഭ്യാസമാണു ജീവിതത്തിന്റെ അന്തിമലക്ഷ്യമെന്നു വിശ്വസിക്കുന്ന രക്ഷിതാക്കളുള്ള ഇക്കാലത്ത്, പരമ്പരാഗത കോഴ്സുകൾക്കു പഠിക്കുന്ന സാധാരണക്കാരായ കുട്ടികൾക്കും സ്വപ്നം കാണാൻ അവകാശവും അവസരങ്ങളുമുണ്ടെന്ന പ്രഖ്യാപനം കൂടിയാണു വോക്ക് വിത്ത് എ സ്കോളർ.

ഒപ്പം നടന്ന്..

വിദേശ സർവകലാശാലകളിലും മികവിന്റെ കേന്ദ്രങ്ങളിലും കണ്ടുവരുന്ന മെന്ററിങ് സമ്പ്രദായം കേരളത്തിലെ സർക്കാർ കോളജുകളിൽ നടപ്പാക്കാൻ രണ്ടു വർഷം മുൻപാണു തീരുമാനിച്ചത്. പരമ്പരാഗത കോഴ്സുകളിലെ വിദ്യാർഥികൾക്കു മികച്ച തൊഴിൽസാധ്യതകളും തൊഴിലധിഷ്ഠിത ഉപരിപഠന സാധ്യതകളും പരിചയപ്പെടാൻ അവസരം ലഭിക്കുന്നില്ലെന്ന വിലയിരുത്തലിലാണു കോളജ് വിദ്യാഭ്യാസ വകുപ്പ് ഈ പദ്ധതി തുടങ്ങിയത്. വിദ്യാർഥികളും അധ്യാപകരും ക്ലാസ്മുറിയിൽ മാത്രം പരസ്പരം കണ്ടുമുട്ടുന്ന പതിവു രീതിയിൽ നിന്നു വ്യത്യസ്തമായി, മിടുക്കരായ കുട്ടികൾക്കു പാഠപുസ്തകത്തിനും പാഠ്യപദ്ധതിക്കുമപ്പുറത്തും അധ്യാപകരുടെ കരുതലും മാർഗനിർദേശവും ലഭ്യമാക്കുകയാണു വോക്ക് വിത്ത് എ സ്കോളർ (ഒപ്പം നടന്ന്) എന്ന ഈ മെന്ററിങ് സമ്പ്രദായത്തിന്റെ ലക്ഷ്യം. ഗുരുകുല സമ്പ്രദായത്തിന്റെ പുതിയ രൂപമെന്നു വേണമെങ്കിൽ പറയാം. കുട്ടികളെ ഒപ്പം നടന്നു വഴി കാണിക്കുകയാണു വോക്ക് വിത്ത് എ സ്കോളറിന്റെ ലക്ഷ്യം. പരമ്പരാഗത വിഷയങ്ങളിലെ വിവിധ തൊഴിൽസാധ്യതകളിലേക്കും ഉപരിപഠന സാധ്യതകളിലേക്കും കുട്ടികൾക്കു ഗുരുക്കന്മാർ വഴികാട്ടുന്നു.

കേരളത്തിലെ 41 സർക്കാർ കോളജുകളിലെ ആർട്സ്, സയൻസ്, കൊമേഴ്സ് വിദ്യാർഥികളെയാണു വോക്ക് വിത്ത് എ സ്കോളറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഠനത്തിൽ ഏറ്റവും സമർഥരായ 30 കുട്ടികളെ വീതമാണ് ഒരു വർഷം തിരഞ്ഞെടുക്കുക. മെന്റർ അഥവാ ഗുരു ആയി അഞ്ച് അധ്യാപകരെ നിയോഗിക്കും; ആറു കുട്ടികൾക്ക് ഒരു ഗുരു വീതം. ഇന്റേണൽ മെന്റർ എന്നാണ് അവർ അറിയപ്പെടുക. കുട്ടികളുടെ സവിശേഷ അഭിരുചികളും താൽപ്പര്യങ്ങളും കണ്ടെത്താൻ സന്നദ്ധരും പ്രാപ്തരുമായിരിക്കണം മെന്റർമാർ. കോളജിനു പുറത്തുനിന്ന്, വിവിധ കരിയർ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചവർ എക്സ്റ്റേണൽ മെന്റർമാരായി ഇടയ്ക്കു കുട്ടികൾക്കു ക്ലാസെടുക്കാനെത്തും. കരിയർ–ഉപരിപഠന മേഖലകളിലെ മികച്ച സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ചു പരിചയപ്പെടുന്ന പരിപാടിയുമുണ്ട്.

വോക്ക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഭാഗമായി ഗവ. ബ്രണ്ണൻ കോളജ് വിദ്യാർഥികൾ അധ്യാപകർക്കൊപ്പം മദ്രാസ് ഐഐടി സന്ദർശിച്ചപ്പോൾ.

ചെയർമാനും തോറ്റ ചെയർമാനും ഒപ്പത്തിനൊപ്പം

സംസ്ഥാനത്തു തന്നെ വോക്ക് വിത്ത് എ സ്കോളർ പരിപാടി ഏറ്റവും മാതൃകാപരമായി നടപ്പാക്കി വരുന്ന കലാലയങ്ങളിലൊന്നാണു തലശേരി ഗവ. ബ്രണ്ണൻ കോളജ്. രണ്ടു വർഷം കൊണ്ട് അൻപതോളം കുട്ടികൾക്കു പദ്ധതിയുടെ പ്രയോജനം ലഭിച്ചുകഴിഞ്ഞു. അസി. പ്രഫസർ കെ.പി. പ്രശോഭിത് ആണു കോളജിലെ കോ–ഓർഡിനേറ്റർ. ഇന്റേണൽ മെന്റർമാരായ എ.കെ. അനിൽകുമാർ, ജിനോ സെബാസ്റ്റ്യൻ, ബി. ഇഫ്തികർ അഹമ്മദ്, പി.എം. സനീഷ്, ഡോ. ജിസ്സ ജോസ്, ഡോ. സി. ലെനിൻ, സി.വി. രജ്ന, മുഹമ്മദ് സിറാജ്, മോൻസി മാത്യൂ, ഡോ. പി.എസ്. പ്രകാശ് എന്നിവർ കുട്ടികൾക്കു മാർഗനിർദേശം നൽകുന്നു.

വിദ്യാർഥികൾക്കിടയിൽ സംഘടനാപ്രവർത്തനം ശക്തമായി നിലനിൽക്കുന്ന ബ്രണ്ണൻ കോളജിൽ കക്ഷിരാഷ്ട്രീയ ഭിന്നത പലപ്പോഴും വ്യക്തിബന്ധങ്ങളെപ്പോലും ബാധിക്കുന്ന അനുഭവങ്ങൾ ഉണ്ട്. പക്ഷേ അത്തരം അകലങ്ങളെപ്പോലും ഇല്ലാതാക്കാൻ വോക്ക് വിത്ത് എ സ്കോളർ പദ്ധതിക്കു കഴിഞ്ഞു. എസ്എഫ്ഐയുടെ കോളജ് യൂണിയൻ ചെയർമാനും ചെയർമാൻ പദവിയിലേക്കു മൽസരിച്ചു തോറ്റ കെഎസ്യു സ്ഥാനാർഥിയും ഇന്നു വോക്ക് വിത്ത് സ്കോളർ പദ്ധതിയിൽ ഒരേ ബാച്ചിൽ അടുത്ത സുഹൃത്തുക്കളായി സജീവമായി പങ്കെടുക്കുന്നു.

ഇനി ഞങ്ങളും സ്വപ്നം കാണും..

വോക്ക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഭാഗമായി അധ്യാപകർക്കൊപ്പം ബ്രണ്ണൻ കോളജിൽ നിന്നു മദ്രാസ് ഐഐടി സന്ദർശിച്ച സംഘത്തിലെ വിദ്യാർഥിയുടെ ഡയറിക്കുറിപ്പിൽ നിന്ന്:

..ഐഐടിയുടെ അന്തരീക്ഷം നിങ്ങളെ തീർച്ചയായും സാധീനിക്കും എന്നു യാത്രയ്ക്കു മുൻപ് അധ്യാപകർ പറഞ്ഞപ്പോൾ അതു പൂർണമായി ഉൾക്കൊണ്ടിരുന്നില്ല. ഐഐടി എന്നു കേട്ടപ്പോൾ, കുറേ കെട്ടിടങ്ങളും സയൻസ് തലയ്ക്കു പിടിച്ചു കുറേ മനുഷ്യരുമായിരുന്നു മനസ്സിൽ. പക്ഷേ, പ്രകൃതി സുന്ദരവും ശാന്തഗംഭീരവുമായ ക്യാംപസ് എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു. സൈക്കിളുകളുടെ നീണ്ടനിര. സൈക്കിളിൽ മാത്രം യാത്ര ചെയ്യുന്ന അധ്യാപകരും വിദ്യാർഥികളും. ക്യാംപസിൽ യഥേഷ്ടം വിഹരിക്കുന്ന മാനുകളും കുരങ്ങുകളും. അവയെ ആരും ഉപദ്രവിക്കുന്നില്ല.

കർശനമായ നിയമങ്ങളില്ല. പക്ഷേ എല്ലാവരും കർമനിരതർ. കൂറ്റൻ ലൈബ്രറി കെട്ടിടങ്ങളിൽ രാത്രി വൈകിയും പുസ്തകങ്ങൾക്കിടയിൽ ലയിച്ചിരിക്കുന്നവരെ കാണാം. ഏതുനേരവും മൊബൈൽ ഫോണിന്റെ സ്ക്രീനിൽ കണ്ണുനട്ടിരിക്കുന്ന നമ്മുടെ നാട്ടിലെ വിദ്യാർഥികളെ സഹതാപത്തോടെ ഓർത്തു.

ഐഐടി കെമിസ്ട്രി വിഭാഗത്തിലെ എടമന പ്രസാദ് സാറിന്റെ ക്ലാസ്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെത്തന്നെ ആ ക്ലാസ് മാറ്റിമറിച്ചു. ഒരു അധ്യാപകൻ നമ്മളിൽ നിന്ന് എന്താണു പ്രതീക്ഷിക്കുന്നത് എന്നു മനസ്സിലാക്കാൻ ശ്രമിച്ചാൽ പഠനം എളുപ്പമാവുമെന്ന് അദ്ദേഹം പറഞ്ഞു. റിമംബറിങ്, അണ്ടർസ്റ്റാൻഡിങ്, അപ്ലൈയിങ് എന്നതാണു പൊതുവെ നമ്മുടെ വിദ്യാഭ്യാസരീതിയുടെ സ്വഭാവം. അനലൈസിങ്, ഇവാല്യൂവേറ്റിങ്, ക്രിയേറ്റിങ് എന്നിങ്ങനെ ചിന്തയുടെ ഉയർന്ന തലങ്ങളാണു പഠനത്തിനു വേണ്ടത്...അധ്യാപനത്തിലേക്കു തിരിയാനുദ്ദേശിക്കുന്ന ഞങ്ങളിൽ പലർക്കും ഏറെ വില പ്പെട്ടതായി തോന്നി ആ വാക്കുകൾ.

എല്ലാ മേയ് മാസത്തിലും ഐഐടിയിൽ സമ്മർ ഫെലോഷിപ് പരിപാടിയിൽ പങ്കെടുത്തു പേപ്പർ അവതരിപ്പിക്കാൻ ഞങ്ങൾക്കും അവസരമുണ്ടെന്നു ഫിലോസഫിയിലെ ശ്രീകുമാർ സാർ പറഞ്ഞതും പുതിയ അറിവായി. ഞങ്ങൾ സാമാ ബിഎ വിദ്യാർഥികളുടെ കഴിവിനുമപ്പുറത്താണ് ഐഐടി പോലുള്ള സ്ഥാപനങ്ങൾ എന്നാണ് അതുവരെ ധരിച്ചിരുന്നത്.

ഐഐടിയിലെ ഗവേഷകരായ കുത്തുപറമ്പ് സ്വദേശിനി ലസിതച്ചേച്ചി, കൊണ്ടോട്ടിക്കാരി സുമയ്യ എന്നിവരും കുറേ കാര്യങ്ങൾ പറഞ്ഞുതന്നു. ഐഐടി വിദ്യാർഥികൾക്കു വിദേശത്തു പോയി പഠിക്കാൻ ഏറെ അവസരങ്ങളുണ്ടത്രെ. നൂറു ലക്ചർ ക്ലാസുകളേക്കാൾ വിലപ്പെട്ടതായിരുന്നു ഐഐടിയിലെ ഒരു ദിവസത്തെ അനുഭവം. ഒരിക്കൽ ഇവിടേക്കു തിരിച്ചുവരും എന്ന പ്രതിജ്ഞയുമായാണു ഞങ്ങൾ മടങ്ങിയത്. ഇനി ഞങ്ങളുടെ ജീവിതം പഴയതു പോലാവില്ല. തീർച്ച..